ശ്രീ. ഡി. ശ്രീവല്ലഭൻ (റിട്ട.ജില്ലാ ജഡ്ജി) അന്വേഷണ കമ്മീഷനെയും നിയമിച്ചിട്ടുണ്ട്. മറ്റു വകുപ്പുകളിൽ നിയമിച്ചിട്ടുള്ള അന്വേഷണ കമ്മീഷനുകളെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) 28-10-2013-ൽ നിയമിച്ച ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷന്റെ കാലാവധി 27-4-2016 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. 8-1-2016-ലെ വിജ്ഞാപന പ്രകാരം നിയമിച്ച ശ്രീ. ഡി. ശ്രീവല്ലഭൻ കമ്മീഷന്റെ കാലാവധി ആറ് മാസമാണ്. മറ്റ് കമ്മീഷനുകൾക്ക് അനുവദിച്ച സമയപരിധി സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

പാലക്കാട് ജില്ലയിലെ മജിസ്ട്രേറ്റ് കോടതികൾ

30 (1763) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര മജിസ്ട്രേറ്റ് കോടതികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ മജിസ്ട്രേറ്റ് കോടതികളിൽ നിലവിൽ എത്ര കേസുകൾ കെട്ടിക്കിടക്കുന്നുണ്ട്; ഓരോ കോടതിയിലും തീർപ്പാക്കാനുള്ള കേസുകൾ എത്രയെന്ന് വിശദമാക്കുമോ;

(സി) കേസുകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് പാലക്കാട് ജില്ലയിൽ പുതിയ മജിസ്ട്രേറ്റ് കോടതികൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഒരു ചീഫ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയും 9 ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയും ഒരു സെക്കന്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയും പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ശിപാർശകളൊന്നും ഹൈക്കോടതിയുടെ പരിഗണനയിലില്ല.

കാസർഗോഡ് ജില്ലയിൽ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ

31 (1764) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എം.എ.സി.ടി. (മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ) ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly